"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- ബഹു. തലശ്ശേരി എം.എ.സി.റ്റി - യുടെ ഒ.പി(എം.വി) 189/2022 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിനുള്ള സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.4559/2025/ധന** **തീയതി, തിരുവനന്തപുരം, 21/05/2025**

പരാമർശം :- 1. ബഹു. തലശ്ശേരി എം.എ.സി.റ്റി യുടെ ഒ.പി(എം.വി)189/2022 നമ്പർ വ്യവഹാരത്തിന്മേലുള്ള 24/02/2025 തീയതിയിലെ വിധി.

2. 26/04/2025 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ കെ.എസ്.ഐ.ഡി/ സ്യൂട്ട്/എസ് 3/ഒ.പി(എം.വി)189/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-13-AL-7832 എന്ന വാഹനം 01/11/2021 തീയതിയിൽ അപകടത്തിൽപ്പെടുകയും അജിത റ്റി. വി എന്ന വ്യക്തിക്ക് പരിക്കേൽക്കുകയും ചെയ്തു. ടിയാൻ വകുപ്പിനെ മൂന്നാം എതിർ കക്ഷിയാക്കി ബഹു. തലശ്ശേരി എം.എ.സി.റ്റി മുമ്പാകെ ഒ.പി(എം.വി) 189/2022 നമ്പരിൽ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. തലശ്ശേരി എം.എ.സി.റ്റി -യുടെ പരാമർശം 1 ലെ വിധി പ്രകാരം 7,99,087/-രൂപ **[ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എൺപത്തി ഏഴ് രൂപ മാത്രം]** ഹർജി തീയതിയായ 24/03/2022 മുതൽ 8% പലിശയടക്കവും കോടതി ചെലവിനത്തിൽ 7,364/- രൂപയും, ലീഗൽ ഫീസിനത്തിൽ 7,991/- രൂപയും, പ്രൊപ്പോർഷണേറ്റ് കോസ്റ്റ് ഇനത്തിൽ 70,331/- രൂപയും പരാതിക്കാരന് കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിലെ ലോ ഓഫീസറും, ഗവൺമെന്റ് പ്ലീഡറും അപ്പീൽ സാധ്യതയില്ലെന്ന് നിയമോപദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ബഹു. തലശ്ശേരി എം.എ.സി.റ്റി യുടെ പരാമർശം 1 -ലെ വിധി പ്രകാരമുള്ള തുകയായ **7,99,087/-രൂപ [ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എൺപത്തി ഏഴ് രൂപ മാത്രം]** ഹർജി തീയതിയായ 24/03/2022 മുതൽ 8% പലിശയടക്കവും കോടതി ചെലവിനത്തിൽ 7,364/- രൂപയും, ലീഗൽ ഫീസിനത്തിൽ 7,991/- രൂപയും, പ്രൊപ്പോർഷണേറ്റ് കോസ്റ്റ് ഇനത്തിൽ 70,331/- രൂപയും പരാതിക്കാരന് കെട്ടിവെയ്ക്കുന്നതിനുള്ള അനുമതി ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-105- സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ, ട്രാൻസ് ടവേഴ്സ് ,വഴുതക്കാട്, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ.3138229/എസ്റ്റാ-ഡി3/26/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ